കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - 2020 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ (സാധാ) നം.537/2020/പൊ.വി.വ തീയതി, തിരുവനന്തപുരം, 29.01.2020

---

പരാമർശം:- (1) സ.ഉ (കൈ) 133/2019/പൊ.വി.വ തീയതി 30.08.2019.
(2) സ.ഉ (സാധാ) 5641/2019/പൊ.വി.വ തീയതി 24.12.2019.
(3) 22.01.2020 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഐ.ഇ.ഡി/ 10000/2019/ ഡി.പി.ഐ നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം പഠന വൈകല്യമുള്ള 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് 2019 ഒക്ടോബർ 31 ന് മുൻപ് സ്കൂളുകളിൽ ഹാജരാക്കേണ്ടതാണെന്ന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം 2020 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 2020 ജനുവരി 15 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബോർഡിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 24.02.2020 വരെ ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 2020 ഫെബ്രുവരി 24 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല.എസ്
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.
സാമൂഹ്യനീതി വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**<u>ഭരണഭാഷ - മാതൃഭാഷ</u>**

നം. ഐ.ഇ.ഡി/10000/19/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 19-02-2020
ഫോൺ : 0471 2580531, 2580589
ഇ-മെയിൽ : supdtied.dge@kerala.gov.in

സർക്കാർ ഉത്തരവ് നം.537/2020/തീയതി 29/01/2020 പ്രകാരം 25/02/2020 രാവിലെ 11.30 ന് മുൻപായി എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും 2020 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷാനുകൂല്യത്തിനുള്ള (എസ്.എൽ.ഡി.) അപേക്ഷകൾ ഈ ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.